Deivarajyam March 2020

●R.N.7623/63

Registered No. KL/ALY/0020/2020-2022

Date of publication: 1/3/2020

●Posted at Thodupuzha Stg.

Annual Subscription ₹ 100.00



Printed at Sanjo Offset Press, Kothamangalam

Printer & Publisher Rev. Dr. George Thekkekara

Bishop's House, Kothamangalam - 686 691

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

മാർച്ച് 2020 വാല്യം 59 ലക്കം 3



## St Joseph

was a just man, a tireless worker, the upright guardian of those entrusted to his care. May he always guard, protect, and enlighten families.

ST. JOHN PAUL II

# ആദരാഞ്ജലികൾ



## ഫാ. ജോൺ (അമൽ)
## പടിഞ്ഞാട്ടുവയലിൽ

| | | |
|---|---|---|
| ഇടവക | : | രണ്ടാർ |
| ജനനം | : | 17.03.1987 |
| തിരുപ്പട്ടം | : | 27.12.2012 |
| മരണം | : | 23.02.2020 |
| മൃതസംസ്കാരം | : | 26.02.2020 |

**സേവനരംഗങ്ങൾ:**

**അസി. വികാരി** - നെടിയകാട്, മാറിക, കോതമംഗലം, കദളിക്കാട്, വാഴക്കുളം

**വികാരി** - മേക്കടമ്പ്

**വൈസ് പ്രിൻസിപ്പൽ & ഹോസ്റ്റൽ വാർഡൻ** - നിർമ്മല ഹയർ സെക്കൻഡറി സ്കൂൾ, മൂവാറ്റുപുഴ

**ടീച്ചർ** - നിർമ്മല പബ്ലിക് സ്കൂൾ, മൂവാറ്റുപുഴ




മുതലക്കോടം സാൻജോ ഭവന്റെ
രജതജൂബിലി ആഘോഷം



വാഴപ്പിള്ളി ശാന്തിനിലയം
പുതിയ ബ്ലോക്കിന്റെ ശിലാസ്ഥാപനം

കോതമംഗലം രൂപത ബുള്ളറ്റിൻ



# ദൈവരാജ്യം

മാർച്ച് 2020 വാല്യം 59 ലക്കം 3



## ഉള്ളടക്കം


5 ഇടയലേഖനം
8 നോമ്പുകാലസന്ദേശം
14 മദ്ധ്യവിരുദ്ധ ഞായർ സർക്കുലർ
19 രൂപതക്കച്ചേരി
25 മൈനർ സെമിനാരി
26 വിജ്ഞാനഭവൻ
29 ബൈബിൾ അപ്പോസ്റ്റലേറ്റ്
29 Care A Family
30 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
31 സോഷ്യൽ സർവീസ്
32 തിരുബാലസഖ്യം
33 ചെറുപുഷ്പ മിഷൻലീഗ്
34 കെ. സി. എസ്. എൽ.
35 ഫാമിലി അപ്പോസ്റ്റലേറ്റ്
36 നിർമ്മല പ്രോലൈഫ്
36 മാതൃവേദി
37 ഡി. എഫ്. സി.
38 യുവദീപ്തി
39 കത്തോലിക്കാ കോൺഗ്രസ്
41 അല്മായ ഫ്രാൻസിസ്കൻ സഭ
41 കേരള ലേബർ മൂവ്മെന്റ്
42 NESTT Programme
43 തിരുനാൾ മംഗളങ്ങൾ
45 രൂപതാദ്ധ്യക്ഷന്റെ ഡയറി
47 Bishop's Engagements
48 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com




## പള്ളിയിൽ അറിയിക്കുവാൻ


Page 21 ജൂബിലി സ്മാരക സ്കോളർഷിപ്പ്
Page 25 ദൈവവിളി ക്യാമ്പ്
Page 26 വിശ്വാസോത്സവം
Page 27 രണ്ടാം സെമസ്റ്റർ പരീക്ഷ
Page 29 കെയർ എ ഫാമിലി


## തിരുനാളുകൾ




18
ജറുസലെമിലെ വി സിറിൾ



19
വി.യൗസേപ്പിതാവ്



25
മംഗലവാർത്തത്തിരുനാൾ

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ
**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

തിരുസഭയുടെ കാവൽക്കാരനും, കുടുംബങ്ങളുടെ സംരക്ഷകനുമായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ ഓർമ്മകൾ നിറയുന്ന മാർച്ച് മാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ കുടുംബങ്ങളെ വി. യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതയ്ക്കായി സമർപ്പിക്കാം. കടുത്ത പ്രതിസന്ധികളുടെ മദ്ധ്യേ തിരുക്കുടുംബത്തെ സംരക്ഷിച്ച്, നയിച്ച വി. യൗസേപ്പ് പിതാവ് ആധുനിക കുടുംബങ്ങൾക്ക് നല്ലൊരു മാതൃകയും വെല്ലുവിളിയുമാണ്.

കുടുംബത്തെ നന്നായി പരിരക്ഷിക്കുക എന്നതിന്റെ അർത്ഥം കുടുംബത്തിലുള്ള കുഞ്ഞുങ്ങളെ വിശുദ്ധിയിൽ വളർത്തുക എന്നത് കൂടിയാണ്. ലൂക്കാ 2:52-ൽ നാം വായിക്കുന്നുണ്ട്: "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു." ഈ തിരുവചനം മക്കളെ വളർത്തുന്ന മാതാപിതാക്കൾ മനസ്സിൽ ഉറപ്പിക്കേണ്ടതാണ്.

എപ്രകാരം കുഞ്ഞുങ്ങളെ ദൈവത്തോട് ചേർത്ത് നിർത്തി വളർത്താം? ഉത്തരം ലളിതമാണ്: അവരുടെ ആത്മീയകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുക. ഇതിൽതന്നെ ഏറ്റവും പ്രധാനമാണ് വിശ്വാസപരിശീലനത്തിന് നൽകുന്ന പ്രാധാന്യവും മുൻഗണനയും. നമ്മുടെ കുടുംബങ്ങളിൽ ജനിച്ച് വളരുന്ന കുഞ്ഞുങ്ങൾക്ക് വിശ്വാസപരിശീലനം കൃത്യമായി നൽകുക എന്നത് മാതാപിതാക്കളുടെ കടമയാണ്. ഇങ്ങനെ ലഭിക്കുന്ന മതബോധനം ഉത്സാഹത്തോടെ സ്വീകരിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ പരിശ്രമിക്കേണ്ടത് കുട്ടികളുടെ ഉത്തരവാദിത്വവുമാണ്. വൈദികരും, സിസ്റ്റേഴ്സും, മതാദ്ധ്യാപകരും ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ ചെലുത്തി മാതാപിതാക്കളെ സഹായിക്കുന്ന നല്ല രീതി തുടരുകയും വേണം. ഇങ്ങനെ കൂട്ടുത്തരവാദിത്വത്തോടെ മതബോധനരംഗം കൂടുതൽ സജീവമായാൽ മാത്രമേ നമ്മുടെ കുഞ്ഞു





ങ്ങൾ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്ന് വരികയുള്ളൂ. ഇതിനുള്ള ക്രമീകരണങ്ങൾ രൂപതാതലത്തിൽ നാം ഒരുക്കുന്നുണ്ട്. ബൈബിൾ നേഴ്സറി നമ്മുടെ രൂപതയിലെ ഏതാണ്ട് എല്ലാ ഇടവകകളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്നത് നമുക്ക് അഭിമാനകരമാണ്. അവധിക്കാലത്ത് ക്രമീകരിച്ചിരിക്കുന്ന വിശ്വാസോത്സവത്തിലും കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിക്കണം. ഇത്തരത്തിൽ ചെറുപ്രായം മുതൽ നല്ല കാര്യങ്ങൾ കണ്ടും കേട്ടും വളർന്നുവരുന്ന കുട്ടികൾ അവർ എത്തിപ്പെടുന്ന രംഗങ്ങളിലെല്ലാം മികച്ച രീതിയിൽ ശുശ്രൂഷ ചെയ്യുന്നവരാകും. മാതാപിതാക്കൾക്കും സമൂഹത്തിനും അഭിമാനകരമായ നേട്ടങ്ങൾ സമ്മാനിക്കുന്നവരായി അവർ മാറുകയും ചെയ്യും.

മാർച്ച് മാസം സ്കൂൾ പരീക്ഷകളുടെ അവസരമാണ്. പഴയകാലത്തെ അപേക്ഷിച്ച് കുട്ടികളോടൊപ്പം മാതാപിതാക്കളും സമ്മർദ്ദം അനുഭവിക്കുന്ന ഒരു കാലഘട്ടമാണിത്. എന്താണ് പരീക്ഷകളുടെ ലക്ഷ്യമെന്ന് നാം മനസ്സിലാക്കിയിരിക്കണം. ഒരു വർഷം പഠിച്ചതും പരിശീലിച്ചതുമായ കാര്യങ്ങൾ എത്രത്തോളം സ്വാംശീകരിക്കാൻ സാധിച്ചു എന്ന് പരിശോധിക്കാനും, പഠിച്ചതും അറിഞ്ഞതുമായ കാര്യങ്ങൾ ജീവിതബന്ധിയായി ഉപയോഗപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതുമായ കാലമാണ് പരീക്ഷാക്കാലം. മാർക്ക് വാങ്ങി ജയിക്കുക എന്നത് മാത്രമായിരിക്കരുത് നമ്മുടെ കുഞ്ഞുങ്ങളുടെ ലക്ഷ്യം. ജീവിതത്തിൽ വിജയിക്കുക എന്നത് കൂടിയാകണം. ജീവിതത്തിൽ എത്തിപ്പെടുന്ന മേഖലകളിലെല്ലാം സന്തോഷത്തോടും സംതൃപ്തിയോടുംകൂടി ഈശോയ്ക്ക് സാക്ഷിയാകാൻ സാധിക്കുക എന്നതാവണം നമ്മുടെ കുടുംബങ്ങളിൽ വളർന്നുവരുന്ന കുട്ടികളുടെ മനസ്സിൽ ഉറപ്പിക്കേണ്ട അടിസ്ഥാന ചിന്ത.

പ്രിയപ്പെട്ട മാതാപിതാക്കളേ, പഠനത്തെയും പരീക്ഷയെയും പക്വതയോടും വിശാല മനസ്സോടും കൂടി നോക്കിക്കാണാൻ കുട്ടികളെ പരിശീലിപ്പിക്കേണ്ടത് മാതാപിതാക്കളുടെയും അധ്യാപകരുടെയും കടമയാണ്. അതിവേഗം മുന്നോട്ട് ചലിക്കുന്ന ഈ ലോകത്ത് ആരോഗ്യകരമായ മത്സരത്തിലൂടെ പഠനത്തിലും ജീവിതത്തിലും വിജയിക്കുന്നവരായി കുട്ടികൾ മാറുന്നത് നാം സ്വപ്നം കാണണം. നമ്മുടെ കുഞ്ഞുങ്ങൾ ഈശോയോട് ചേർന്ന് പരീക്ഷകൾക്ക് തയ്യാറെടുക്കട്ടെ. കുട്ടി

കൾ പരീക്ഷ എഴുതുമ്പോൾ ഭവനങ്ങളിൽ തിരിതെളിച്ച് പ്രാർത്ഥിക്കുന്ന നല്ല മാതാപിതാക്കൾ അവർക്കു നൽകുന്ന ആത്മവിശ്വാസം വളരെ വലുതാണ്.

നാം ജീവിക്കുന്ന കാലം പല തരത്തിലുള്ള പ്രതിസന്ധികളുടേതാണ്. ഒരു വശത്ത് ആത്മീയ കാര്യങ്ങളിൽ നിസംഗതയും ശ്രദ്ധയില്ലായ്മയും വളരുമ്പോൾ മറുവശത്ത് മാധ്യമങ്ങളുടെ അതിപ്രസരം നമ്മുടെ കുഞ്ഞുങ്ങളെ വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. തിന്മയുടെ ശക്തികൾ എല്ലാ മേഖലകളിലും പിടിമുറുക്കുമ്പോൾ, കുട്ടികൾക്ക് വിശുദ്ധിയിൽ വളരാനുള്ള അനുകൂലമായ സാഹചര്യം ഒരുക്കുക എന്നത് മാതാപിതാക്കളുടെ കടമയാണ്. എന്ത് ത്യാഗം സഹിച്ചും ഈ കടമ നാം നിറവേറ്റണം.

സ്നേഹമുള്ള കുട്ടികളേ, നിങ്ങൾക്ക് ലഭിക്കുന്ന അവസരങ്ങളും നല്ല സാഹചര്യങ്ങളും ഈശോയ്ക്ക് ഇഷ്ടമാകുന്ന തരത്തിൽ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കണം. അമിതമായ സമ്മർദ്ദങ്ങൾക്ക് കീഴ്പ്പെടാതെ പരീക്ഷാക്കാലം നന്നായി അദ്ധ്വാനിച്ച് പഠിക്കുന്ന കാലമായി ത്തീരട്ടെ. പഠിക്കാൻ ആരംഭിക്കുന്നതിനു മുമ്പ് അല്പനേരം വിശുദ്ധ ഗ്രന്ഥം വായിച്ച് പ്രാർത്ഥിക്കുന്ന നല്ല ശീലം വളർത്തിയെടുക്കണം. പരിശുദ്ധാത്മാവിനോടും പരിശുദ്ധ അമ്മയോടും പ്രാർത്ഥിച്ച് ധൈര്യത്തോടെ വേണം ഈ പരീക്ഷാക്കാലത്തെ അഭിമുഖീകരിക്കാൻ. പ്രാർത്ഥനയും കൂദാശകളുടെ സ്വീകരണവും വഴി വിശുദ്ധിയിൽ വളരാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്
**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

NB: 2020 മാർച്ച് 15-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.





Ref: 3251/K-5/KCBC/OL/DS 4.2.2020

## 2020-ലെ നോമ്പുകാല സന്ദേശം

### ഫ്രാൻസിസ് പാപ്പാ

**"ഞങ്ങൾ ക്രിസ്തുവിനെപ്രതി നിങ്ങളോട് അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോടു രമ്യപ്പെടുവിൻ" (2 കോറി 5:20).**

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ മൂലക്കല്ലാണ് ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹത്തായ രഹസ്യം. ആ രഹസ്യത്തെ പുതുക്കപ്പെട്ട ഹൃദയത്തോടെ ആചരിക്കാൻ നാം തയ്യാറാകണം. അതിന് ഈ വർഷം കർത്താവ് വീണ്ടും തക്കസമയം നല്കുന്നു. നമ്മൾ ആ രഹസ്യത്തിലേക്ക് മനസ്സുകൊണ്ടും ഹൃദയംകൊണ്ടും എപ്പോഴും തിരിച്ചുപോകണം. എന്തെന്നാൽ, അതിന്റെ ആധ്യാത്മികശക്തിയോട് നാം തുറവി കാണിക്കുന്നതനുസരിച്ച് അത് നമ്മിലുള്ള വളർച്ച തുടർന്നുകൊണ്ടിരിക്കും. സ്വാതന്ത്ര്യത്തോടും ഔദാര്യത്തോടും കൂടെ പ്രത്യുത്തരിക്കുകയും ചെയ്യും.

**1. പെസഹാരഹസ്യം: മാനസാന്തരത്തിന്റെ അടിസ്ഥാനം**

യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സദ്വാർത്ത കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ക്രൈസ്തവ സന്തോഷം ഒഴുകുന്നത്. ഈ കെരിഗ്മ സ്നേഹത്തിന്റെ രഹസ്യത്തെ സമാഹരിക്കുന്നു. അത് "യഥാർത്ഥവും സത്യസന്ധവും വസ്തുനിഷ്ഠവുമാണ്. അതുകൊണ്ട് തുറവിയുടെ ബന്ധത്തിലേക്കും ഫലപ്രദമായ സംവാദത്തിലേക്കും അതു നമ്മെ ക്ഷണിക്കുന്നു" (ക്രിസ്തു ജീവിക്കുന്നു 117). നമ്മുടെ ജീവിതം നമ്മുടേതാണെന്നും നമ്മുടെ ഇഷ്ടംപോലെ അതിനെ ഉപയോഗിക്കാമെന്നുമുള്ള നുണ ഈ സന്ദേശത്തിൽ വിശ്വസിക്കുന്ന ആരും തള്ളിക്കളയുന്നു. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ജീവൻ ഉണ്ടായത്. നമുക്ക് ജീവൻ സമൃദ്ധമായി നല്കാനുള്ള ആഗ്രഹത്തിൽ നിന്നു തന്നെ (cf യോഹ

10:10)."നുണകളുടെ പിതാവിന്റെ" (യോഹ 8:44) പ്രലോഭിപ്പിക്കുന്ന ശബ്ദം നാം ശ്രവിച്ചാൽ യുക്തിയില്ലായ്മയുടെ അഗാധതയിലേക്ക് മുങ്ങിത്താഴുകയും ഈ ഭൂമിയിൽത്തന്നെ നരകം അനുഭവിക്കുകയും ചെയ്യുകയെന്ന സാധ്യതയുണ്ടാകും. വ്യക്തിപരവും സാമൂഹികവുമായ മാനുഷികാനുഭവത്തിലെ ദുരന്തപരമായ അനേകം സംഭവങ്ങൾ അതിന് ഖേദകരമായി സാക്ഷ്യം വഹിക്കുന്നു.

രണ്ടായിരത്തി ഇരുപതിലെ ഈ നോമ്പുകാലത്ത്, ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലികാഹ്വാനത്തിൽ യുവജനങ്ങൾക്കായി ഞാൻ എഴുതിയത് ഓരോ ക്രൈസ്തവനോടും കൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു: "ക്രൂശിതനായ ക്രിസ്തുവിന്റെ വിരിക്കപ്പെട്ട കൈകളിൽ നിങ്ങളുടെ കണ്ണുകൾ ഉറപ്പിച്ചു പിടിക്കുക. നിങ്ങൾ വീണ്ടും വീണ്ടും രക്ഷിക്കപ്പെടട്ടെ. നിങ്ങൾ പാപങ്ങൾ ഏറ്റു പറയാൻ പോകുമ്പോൾ നിങ്ങളെ കുറ്റത്തിൽ നിന്നു സ്വതന്ത്രമാക്കുന്ന അവിടത്തെ കാരുണ്യത്തിൽ ഉറച്ചു വിശ്വസിക്കുക. വലിയ സ്നേഹത്തോടെ ചൊരിയപ്പെട്ട അവിടത്തെ രക്തത്തെപ്പറ്റി ധ്യാനിക്കുക. നിങ്ങൾ അതുവഴി ശുദ്ധീകരിക്കപ്പെടാൻ അനുവദിക്കുക. ഇങ്ങനെ നിങ്ങൾക്കു എന്നേക്കും പുതുതായി ജനിക്കാൻ കഴിയും" (നമ്പർ 123). യേശുവിന്റെ പെസഹാ ഒരു കഴിഞ്ഞകാല സംഭവമല്ല. പിന്നെയോ, സഹിക്കുന്നവരിൽ ക്രിസ്തുവിന്റെ ശരീരത്തെ വിശ്വാസത്തോടെ കാണാനും തൊടാനും നമ്മെ സഹായിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി വഴി അത് എന്നും സന്നിഹിതമാണ്.

**2. മാനസാന്തരത്തിന്റെ അടിയന്തിരാവശ്യം**

പെസഹാ രഹസ്യത്തെ കൂടുതൽ ആഴത്തിൽ ധ്യാനിക്കുക നല്ലതാണ്. ആ രഹസ്യത്തിലൂടെയാണ് ദൈവത്തിന്റെ കരുണ നമ്മുടെ മേൽ ചൊരിയപ്പെട്ടത്. യഥാർത്ഥത്തിൽ "എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം നല്കുകയും ചെയ്ത" (ഗലാ 2:20) ക്രൂശിതനും ഉത്ഥിതനുമായ കർത്താവുമായി "മുഖത്തോടുമുഖം" പുലർത്തുന്ന ബന്ധത്തിൽ - സുഹൃത്തുക്കൾ തമ്മിലുള്ള ഹൃദയപൂർവകമായ സംവാദത്തിൽ - മാത്രമേ കാരുണ്യത്തിന്റെ അനുഭവം സാധ്യമാകുകയുള്ളൂ. അതുകൊണ്ടാണ് നോമ്പുകാലത്ത് പ്രാർത്ഥന ഏറെ പ്രാധാന്യമുള്ളതായിരിക്കുന്നത്. പ്രാർത്ഥന ഒരു കടമയെന്നതിനെക്കാൾ കൂടുതലായി ദൈവത്തിന്റെ സ്നേഹത്തോട് പ്രത്യുത്തരിക്കാനുള്ള നമ്മുടെ ആവശ്യത്തിന്റെ പ്രകാശനമാണ്. ആ സ്നേഹം എപ്പോഴും നമുക്കു മുമ്പേ പോകുന്നതും നമ്മെ നിലനിറുത്തുന്നതുമാണ്. നമ്മൾ അയോഗ്യരാണെങ്കിലും നമ്മൾ സ്നേഹിക്കപ്പെടുന്നു എന്ന് അറിഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയ്ക്ക് വിവിധങ്ങളായ എത്രമാത്രം രൂപങ്ങളുമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രാധാന്യമർഹിക്കുന്നത് ഇതാണ്: അത് നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലേക്ക് തുളച്ചുകയറുന്നു. എന്നേക്കും കൂടുതൽ പൂർണതയോടെ ദൈവത്തിലേക്കും അവിടത്തെ ഇഷ്ടത്തിലേക്കും തിരിയാൻവേണ്ടി നമ്മുടെ ഹൃദയകാഠിന്യത്തെ ചീകിക്കളയുന്നു.

അതുകൊണ്ട് മരുഭൂമിയിലേക്കു ഇസ്രായേൽ നയിക്കപ്പെട്ടതുപോലെ (cf ഹോസി 2:14) നയിക്കപ്പെടാൻ അനുകൂലമായ ഈ കാലഘട്ടത്തിൽ നമുക്കു നമ്മെത്തന്നെ അനുവദിക്കാം. നമ്മുടെ ദിവ്യമണവാളന്റെ ശബ്ദം കേൾക്കുകയെങ്കിലും ചെയ്യാനും നമ്മിൽ കൂടുതൽ ആഴത്തിൽ അത് പ്രതിധ്വനിക്കാനും അനുവദിക്കാം. നാം എത്ര പൂർണമായി ഈ വചനത്തിൽ നിലനില്ക്കുമോ അത്ര കൂടുതലായി അവിടന്നു നമുക്കു ദാനമായി നല്കുന്ന കാരുണ്യം നാം അനുഭവിക്കും. അവിടത്തെ അടുക്കലേക്കുള്ള നമ്മുടെ തിരിച്ചുപോക്കിന്റെ കാലങ്ങളും മാർഗങ്ങളും നമുക്കു നിയന്ത്രിക്കാൻ കഴിയുമെന്ന വിഡ്ഢിത്തപരമായ മിഥ്യാബോധം വഴി കൃപാവരത്തിന്റെ ഈ സമയം വെറുതേ കടന്നുപോകാൻ അനുവദിക്കാതിരിക്കാം.

**3. തന്റെ മക്കളോടു സംവദിക്കാനുള്ള ദൈവത്തിന്റെ തീവ്രമായ ആഗ്രഹം**

ദൈവം നമുക്കു മാനസാന്തരത്തിനുള്ള സമുചിതമായ ഒരു സമയം വീണ്ടും തരുന്നു. മാനസാന്തരം തനിയേ സംഭവിച്ചുകൊള്ളുമെന്നു

കരുതരുത്. ഈ പുതിയ അവസരം കൃതജ്ഞതയുടെ ബോധം നമ്മിൽ ഉണർത്തണം; നമ്മുടെ അലസതയിൽ നിന്നു നമ്മെ ഇളക്കിവിടണം. നമ്മുടെയും സഭയുടെയും ലോകത്തിന്റെയും ജീവിതത്തിൽ ചില പ്പോൾ തിന്മയുടെ ദുരന്തപരമായ സാന്നിധ്യം ഉണ്ടാകും. എന്നാലും നമ്മുടെ ജീവിതഗതി മാറ്റാനുള്ളതാണ് ഈ സന്ദർഭം. നമ്മളുമായുള്ള അവിടത്തെ രക്ഷയുടെ സംവാദം തടയാതിരിക്കാനുള്ള അചഞ്ചലമായ ദൈവേഷ്ടത്തെ അത് പ്രകാശിപ്പിക്കുന്നു. പാപം അറിയാത്തവനും എന്നാൽ നമുക്കുവേണ്ടി പാപമാക്കപ്പെട്ടവനും (cf. 2 കോറി 5:21) ക്രൂശി തനുമായ യേശുവിൽ, തന്റെ പുത്രനിൽ, നമ്മുടെ പാപങ്ങളുടെ ഭാരം ചുമത്താൻ രക്ഷാകരമായ ഈ ഇഷ്ടം പിതാവിനെ പ്രേരിപ്പിച്ചു. അങ്ങനെ, ബനഡിക്ട് 16-ാമൻ മാർപാപ്പായുടെ വാക്കുകളിൽ പറ ഞ്ഞാൽ, "ദൈവം തനിക്കെതിരായി തന്നെത്തന്നെ തിരിച്ചു" (ദൈവം സ്നേഹമാകുന്നു 12). കാരണം ദൈവം തന്റെ ശത്രുക്കളെ സ്നേഹി ക്കുന്നു (cf.മത്താ 5:43-48).

ദൈവം തന്റെ പുത്രന്റെ പെസഹാരഹസ്യം വഴി നമ്മിൽ ഓരോ രുത്തരുമായി നടത്താൻ ഉദ്ദേശിക്കുന്ന സംവാദത്തിന് പൊള്ളയായ സംസാരവുമായി യാതൊരു ബന്ധവുമില്ല. അത്തരം സംസാരം ആഥൻ സിലെ ജനതയ്ക്ക് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവർ "പുതു തായി എന്തെങ്കിലും പറയാനും കേൾക്കാനുമായിട്ടല്ലാതെ മറ്റൊന്നിനും വേണ്ടി സമയം ചെലവഴിച്ചില്ല" (അപ്പ.17:21). ശൂന്യവും ഉപരിപ്ലവവുമായ ജിജ്ഞാസയാൽ നിശ്ചയിക്കപ്പെടുന്ന അത്തരം സംഭാഷണം ഓരോ യുഗത്തിന്റെയും ലൗകായതികത്വത്തിന്റെ സ്വഭാവമാണ്. നമ്മുടെ കാലത്തും മാധ്യമങ്ങളുടെ ദുരുപയോഗത്തിന് അതു കാരണമാകും.

**4. സമ്പന്നത പങ്കുവയ്ക്കാനുള്ളതാണ്, സ്വന്തമായി സൂക്ഷിക്കാനു ള്ളതല്ല**

പെസഹാരഹസ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുകയെന്നതിന്റെ അർത്ഥം ഇതാണ്: യുദ്ധങ്ങളുടെ നിരപരാ ധികളായ അനേകം ഇരകളിലും ജീവന്റെ മേലുള്ള ആക്രമണങ്ങളിലും





സന്നിഹിതമായിരിക്കുന്ന ക്രൂശിതനായ ക്രിസ്തുവിന്റെ മുറിവു കളെക്കുറിച്ച് സഹതാപം തോന്നുക. ജനിക്കാനിരിക്കുന്നവർ മുതൽ വാർദ്ധക്യത്തിലെത്തിയ വ്യക്തികൾക്കെതിരേ വരെ അത്തരം ആക്ര മണങ്ങളുണ്ട്. അക്രമത്തിന്റെ വിവിധരൂപങ്ങളുമുണ്ട്. പരിസ്ഥിതിപരമായ അപകടങ്ങളിലും ഭൂമിയുടെ വസ്തുക്കളുടെ തുല്യമല്ലാത്ത രീതിയി ലുള്ള വിതരണത്തിലും എല്ലാ രൂപങ്ങളിലുമുള്ള മനുഷ്യക്കടത്തുക ളിലും വിഗ്രഹാരാധനയുടെ ഒരു രൂപമായിരിക്കുന്ന ലാഭത്തിനുവേണ്ടി യുള്ള അനിയന്ത്രിതമായ ദാഹത്തിലും ആക്രമണങ്ങളുണ്ട്.

സന്മനസ്സുള്ള സ്ത്രീപുരുഷന്മാരോട്, ഏറ്റവും ആവശ്യത്തിൽപ്പെ ട്ടവർക്ക് തങ്ങളുടെ വസ്തുക്കൾ ദാനധർമ്മം വഴി പങ്കുവയ്ക്കാൻ അഭ്യർത്ഥിക്കുകയെന്നത് ഇന്നും ഒരാവശ്യമാണ്. കൂടുതൽ നല്ല ലോക ത്തെ പടുത്തുയർത്തുന്നതിന് വ്യക്തിപരമായി പങ്കുചേരാനുള്ള മാർഗ്ഗ മാണത്. പരസ്നേഹപരമായ ദാനം നമ്മെ കൂടുതൽ മനുഷ്യത്വമുള്ള വരാക്കുന്നു. അതേ സമയം പൂഴ്ത്തിവയ്ക്കുന്നത് നമ്മെ മനുഷ്യത്വം കുറഞ്ഞവരാക്കുന്നു. നമ്മുടെ സ്വർത്ഥതയിൽ നാം തടങ്കലിലാക്കപ്പെ ടുന്നു. നമുക്ക് മുമ്പോട്ടുപോകാൻ കഴിയും, മുമ്പോട്ടു പോകുകയും വേണം. നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ ഘടനാപരമായ വശ ങ്ങൾ പരിഗണിക്കുകയും വേണം. ഇക്കാരണത്താൽ നോമ്പുകാല ത്തിന്റെ മധ്യത്തിൽ മാർച്ച് 26 മുതൽ 28 വരെ അസീസിയിൽ ഒരു സമ്മേളനം നടത്താൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യുവ ധനതത്ത്വശാ സ്ത്രജ്ഞർ, സംരംഭകർ, മാറ്റം കൊണ്ടുവരുന്നവർ എന്നിവരുടെ സമ്മേ ളനമാണത്. കൂടുതൽ നീതിപൂർവ്വകവും എല്ലാവരെയും ഉൾക്കൊള്ളി ക്കുന്നതുമായ സാമ്പത്തിക വ്യവസ്ഥ രൂപപ്പെടുത്തുകയെന്നതാണ് അതിന്റെ ലക്ഷ്യം. സഭയുടെ പ്രബോധനാധികാരം പലപ്പോഴും ആവർത്തിച്ചിട്ടുള്ളതുപോലെ രാഷ്ട്രീയജീവിതം പരസ്നേഹത്തിന്റെ ശ്രേഷ്ഠമായ രൂപമാണ് (cf. Pius XI, Address to Italian Federation of Cathoic University Students, 18 December 1927). സാമ്പത്തിക ജീവി തത്തെ സംബന്ധിച്ചും ഇതു ശരിയാണ്. സുവിശേഷാത്മക ചൈതന്യ

ത്തിൽ, അഷ്ഠ സൗഭാഗ്യങ്ങളുടെ ചൈതന്യത്തിൽ അതിനെ സമീപിക്കാൻ കഴിയും.

നമ്മുടെ നോമ്പാചരണം ദൈവത്തോടു രമ്യപ്പെടാനുള്ള വിളി കേൾക്കാനും നമ്മുടെ നോട്ടം പെസഹാരഹസ്യത്തിൽ ഉറപ്പിക്കാനും അവിടത്തോട് തുറവിയുള്ളതും ആത്മാർത്ഥതയുള്ളതുമായ സംവാദം നടത്താനും വേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ കന്യകാമറിയത്തോട് ഞാൻ അപേക്ഷിക്കുന്നു. ഇങ്ങനെ തന്റെ ശിഷ്യർ എപ്രകാരമുള്ളവരായിരിക്കണമെന്ന് ക്രിസ്തു ആവശ്യപ്പെടുന്നുവോ അപ്രകാരമായിരിക്കും നമ്മൾ - അതായത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കും (cf.മത്താ 5:13-14).

**ഫ്രാൻസിസ് പാപ്പാ**

റോമ, സെന്റ് ജോൺ ലാറ്ററൻ 7 ഒക്ടോബർ 2019

ജപമാല മാതാവിന്റെ തിരുനാൾ ദിവസം





Ref: 3254/K-5/KCBC/OL/DS 11.2.2020

# മദ്യവിരുദ്ധ ഞായർ, 2020 മാർച്ച് 8

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് നടക്കുവാനുള്ള ആഹ്വാനമാണ് വലിയ നോമ്പിലെ ഈ ദിനാചരണം നമുക്കു നൽകുന്നത്. വളരെ ഗുരുതര സ്വഭാവമുള്ള ഈ വിഷയം നോമ്പുകാലത്ത് നമ്മുടെ ചർച്ചക്കും പരിചിന്തനത്തിനും വിഷയീഭവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ലഹരി ഉപയോഗത്തിലും വിപണനത്തിലും കേരളം രണ്ടാം സ്ഥാനത്ത് എത്തിനില്ക്കുന്നു. ഈ അടുത്ത കാലത്ത് ബഹു. കേരളാ ഹൈക്കോടതി നടത്തിയ നിരീക്ഷണം നമ്മുടെ സത്വരശ്രദ്ധയാകർഷിക്കുന്നു: 'തലമുറയെയും ജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയായി മദ്യലഹരി മാറിയിരിക്കുന്നു. സാമ്പത്തിക സുസ്ഥിരതയെയും സംവിധാനങ്ങളെയും അതു നശിപ്പിക്കുന്നു.' കോടതി നടത്തിയ ഈ പരാമർശം അതീവ ഗൗരവത്തോടെ നാം വിലയിരുത്തേണ്ട ഒരു സമയമാണിത്.

സാമൂഹ്യ പ്രശ്നങ്ങൾ രണ്ടു തരമുണ്ട്. ആദ്യത്തേത് പ്രകൃത്യാ അഥവാ സ്വാഭാവികമായി സംഭവിക്കുന്നതാണ്. പ്രകൃതിയിൽ നിന്നു തന്നെ അത് ഉത്ഭവിക്കുന്നതിനാൽ അവയെ സ്വാഭാവികമായി നിയന്ത്രിക്കുക സാധ്യമല്ല. കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക മാത്രമാണ് മനുഷ്യനു ചെയ്യാൻ സാധിക്കുക. എന്നാൽ, രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവ മനുഷ്യനിർമ്മിത സാമൂഹ്യ പ്രശ്നങ്ങളാണ്. മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ പ്രശ്നമാണ്. അതിനാൽ, മനുഷ്യൻ മനസ്സുവച്ചാൽ ഇല്ലാതാക്കുവാൻ കഴിയുന്നതാണിത്. ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ഈ സാമൂഹിക പ്രശ്ന

ത്തിനെതിരേ ജാഗരൂകതയോടെ പ്രവർത്തിക്കേണ്ടത് തീർത്തും അനിവാര്യംതന്നെ.

മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസികമായും രോഗഗ്രസ്തനാക്കുന്നു. കുടുംബത്തിൽ ഒരാൾ ലഹരിക്കടിമപ്പെട്ട് രോഗിയായിത്തീർന്നാൽ അതിന്റെ ദൂഷ്യഫലങ്ങൾ കുടുംബം മുഴുവനും അനുഭവിക്കേണ്ടി വരുന്നു. ഇന്ന് മദ്യപാനംമൂലം അനേകം കുടുംബങ്ങൾ തകർച്ചയിലും ദുരിതത്തിലും കഴിയുന്നു. തലമുറയുടെ വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് ലഹരിയുടെ പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളടങ്ങുന്ന യുവാക്കളിൽ വളരെയധികം പേർ ലഹരിവസ്തുക്കൾക്ക് അടിമകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും നടക്കുന്നുവെന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നു. ഒരു വശത്ത് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും ഉപയോഗിക്കാനുള്ള ഒത്താശ ചെയ്തുകൊടുക്കുകയും മറുവശത്ത് മദ്യത്തിനെതിരേ ബോധവത്കരണം നടത്തുകയും ചെയ്യുന്നത് തീർത്തും വൈരുദ്ധ്യം തന്നെ. താഴെ പറയുന്ന ഏതാനും ഉദാഹരണങ്ങളിൽ നിന്നും ഇത് വ്യക്തമാകും:

ബവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ 10 ശതമാനം വീതം വർഷംതോറും പൂട്ടിക്കൊണ്ടിരുന്നത് ഈ സർക്കാർ നിർത്തലാക്കി. തങ്ങളുടെ പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നല്കുന്ന പഞ്ചായത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 443 വകുപ്പുകൾ റദ്ദു ചെയ്തു. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ഈ ജനാധികാരവും അവകാശവും സർക്കാർ എടുത്തുകളഞ്ഞത്. തുടർന്ന് വിദേശമദ്യ ചട്ടമനുസരിച്ച് ബിയർ, വൈൻ തുടങ്ങിയ പാർലറുകൾ കൂടുതൽ തുറക്കാൻ തീരുമാനിച്ചു. അടച്ചു പൂട്ടിയ ബാറുകളെല്ലാം ഈ സർക്കാർ തുറന്നു കൊടുത്തു. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകൾക്ക് ഒപ്പം ആഭ്യന്തര ലോഞ്ചുകളിലും വിദേശമദ്യം ലഭ്യമാക്കി. ദൂരപരിധി നിയമം 200 എന്നത് 50 മീറ്ററാക്കി കുറച്ചു. വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം ബാറു തുറക്കാമെന്ന സ്ഥിതിവിശേഷവും ഒരു ദുരന്തംപോലെ കടന്നുവന്നു. ഇവയൊക്കെ സർക്കാരിന്റെ മദ്യനയത്തിന്റെ ഇരട്ടത്താപ്പു നയമല്ലേ തുറന്നു കാട്ടുന്നത്? പൗരന്റെയോ പൗരസമൂഹത്തിന്റെയോ ആരോഗ്യത്തിൽ തരിമ്പും ശ്രദ്ധയില്ലാത്ത ഒരു ഭരണകൂടത്തിനു മാത്രമേ ഇത്രയ്ക്ക് നിരുത്തരവാദപരമായ നയം സ്വീകരിക്കാനാകൂ.





ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതുപോലെ, "മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്." രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ഉള്ളൂവെങ്കിലും മദ്യവില്പനയുടെ 16 ശതമാനം ഇവിടെയാണ് നടക്കുന്നത്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. മുൻപ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ വീതം മദ്യപിക്കുന്നു. ജനസംഖ്യയിൽ 5 ശതമാനം പൂർണ്ണമായും മദ്യത്തിന് അടിമകളായി മാറി. 1980-ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നെങ്കിൽ ഇപ്പോൾ 11-12 വയസ്സിലെത്തി നിൽക്കുന്നുവെന്നുള്ളതാണ് ഭയപ്പെടുത്തുന്ന സത്യം. കേരള ജനസംഖ്യയിൽ 17% മുതൽ 20% വരെ പേർ മദ്യപരാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസിന്റെ കണക്കുകൾ പ്രകാരം 20 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. മദ്യപാനം മൂലം കേരളത്തിൽ 8 ലക്ഷം പേർ കരൾ രോഗികളായി മാറിക്കഴിഞ്ഞു. ഹൃദ്രോഗികളുടെ എണ്ണം 50 ശതമാനം വർദ്ധിച്ചു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലികതത്ത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിനു തക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. മദ്യത്തിന്റെ ഉപയോഗത്തിൽ മുൻനിരയിൽ നിൽക്കുന്ന കേരളത്തിൽ

മദ്യവില്പന നിയന്ത്രണ - നിരോധന നടപടികളാണാവശ്യം. മനുഷ്യ നന്മയാണ് സർക്കാർ ലക്ഷ്യം വയ്ക്കേണ്ടത്. കേരളത്തിന്റെ മദ്യപാന ഗ്രാഫ് ഉയരുമ്പോളുണ്ടാകുന്ന കുടുംബ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠിക്കണം. മദ്യവിപത്തിനെ നേരിടാൻ പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കണം. ജനങ്ങൾ മദ്യം വർജിച്ചാൽ മതി; ഫലപ്രദമായ മദ്യനിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നിലപാടാണ്. ജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം മദ്യം ലഭ്യമാക്കുകയെന്നത് മദ്യരാജാക്കന്മാരുടെ മനുഷ്യത്വരഹിതവും സ്വാർത്ഥപരവുമായ താല്പര്യമാണ്. ഉത്തരവാദിത്വമുള്ള ഒരു സർക്കാർ ഒരിക്കലും ഇത് മാനദണ്ഡമാക്കാൻ പാടില്ല. മദ്യവില്പനകൊണ്ടു കേരളത്തിന് എന്ത് നേട്ടമുണ്ടായി എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനം നടത്തുമ്പോൾ ആയിരങ്ങൾ മദ്യം കുടിച്ച് നശിക്കുന്നുണ്ട്. സർക്കാരിന് മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തികയുകയില്ല. കേരള സമൂഹത്തെ മദ്യക്കെടുതിയിൽ നിന്നും മോചിപ്പിക്കുന്നതിനു പകരം മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്കങ്ങൾക്ക് ചരിത്രം മാപ്പു നല്കില്ല.

ഈ സർക്കാർ, പൂട്ടിയ ബാറുകൾ തുറക്കുവാനും വീര്യം കുറഞ്ഞ മദ്യം പഴവർഗ്ഗങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുവാനും പബ്ബുകൾ ആരംഭിക്കുവാനും എല്ലാമാസത്തിന്റെയും ആദ്യദിനം മദ്യവില്പനയില്ലാതെയുള്ള ഡ്രൈഡേ മാറ്റുവാനും രാത്രിയിൽ ഏറെ വൈകിയും ജോലി ചെയ്യുന്നവർക്ക് ഉല്ലസിക്കാൻ ക്ലബ്ബുകൾ തുടങ്ങുവാനും പദ്ധതികളിടുന്നു. സർക്കാരിന്റെ ഇപ്പോഴുള്ള മദ്യനയം നിശ്ചയമായും തിരുത്തണം. അതിനുള്ള ശക്തമായ നീക്കങ്ങൾ പൗരസമൂഹങ്ങൾ നടത്തുകയും വേണം. ലഹരിയെന്ന സാമൂഹ്യതിന്മയ്ക്കെതിരേ പ്രവർത്തിക്കാനുള്ള കടമ എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. ദൈവരാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗംകൂടിയാണ് മദ്യ-ലഹരി വിരുദ്ധപ്രവർത്തനങ്ങൾ. ആയതിനാൽ, ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരിക്കുന്ന മദ്യ ലഭ്യത കുറയ്ക്കുക, ബോധവൽക്കരണം നടത്തുക, ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുക എന്നീ





കാര്യങ്ങൾ ഒരേസമയം നടപ്പിലാക്കിയാൽ മാത്രമേ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുകയുള്ളൂ. “മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല” (ഗലാ 5:21) എന്ന വേദവാക്യം പ്രത്യേകം ഓർമ്മിക്കുന്നത് നല്ലതാണ്.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായി ചുമതലയേറ്റിരിക്കുന്ന റവ. ഫാ. ജോൺ അരീക്കലിന് എല്ലാവിധ മംഗളങ്ങളും നേരുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഇടവകകൾതോറും യൂണിറ്റുകൾ രൂപീകരിക്കണം. കുടുംബങ്ങളിൽ മാമോദീസ, വിവാഹം തുടങ്ങിയ ആഘോഷങ്ങളിലും മദ്യത്തിന്റെ ഉപയോഗം ഇല്ലായെന്ന് ഉറപ്പുവരുത്താൻ നമുക്കു സാധിക്കണം. സ്കൂളുകളും ഇതര കലാലയങ്ങളും ലഹരി വിമുക്ത കാമ്പസുകളാകണം. അയൽക്കൂട്ടങ്ങൾപോലെ മദ്യവിരുദ്ധ ബോധവത്ക്കരണ സമിതികൾ നമ്മുടെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും രൂപപ്പെടണം. മദ്യവിരുദ്ധ സഭയും സമൂഹവുമെന്ന ലക്ഷ്യം നേടുവാനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. മാർച്ച് 8-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

N.B. 2020 മാർച്ച് മാസം 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

# രൂപതക്കച്ചേരി

### *C. 23/2020* **വി. മൂറോൻ**

ഓശാന കഴിഞ്ഞുവരുന്ന തിങ്കളാഴ്ച (06.04.2020) രൂപതയിലെ എല്ലാ വൈദികരും കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് ഉയിർപ്പുതിരുനാളിനുള്ള ആത്മീയ ഒരുക്കവും വി. മൂറോൻ വെഞ്ചരിപ്പും നടത്തുന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. അന്നേ ദിവസം രാവിലെ 10.00 മണിക്ക് ധ്യാനചിന്തകളും അതേത്തുടർന്ന് 10.30 മുതൽ കുമ്പസാരത്തിനുള്ള അവസരവും ഉണ്ടായിരിക്കും.11.30-ന് ആഘോഷമായ ദിവ്യബലിയോടുകൂടിയാണ് വി. മൂറോൻ വെഞ്ചരിപ്പ് നടത്തുന്നത്. ഇടവകയിലെ കുമ്പസാരത്തിന്റെ സമയം ക്രമീകരിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കുന്നതിനുള്ള വി. മൂറോൻ ഏപ്രിൽ 11-ാം തീയതി ശനിയാഴ്ച മുതൽ രൂപതക്കച്ചേരിയിൽ ലഭ്യമായിരിക്കും.

*Bishop*

### C. *24/2020* **വാർഷിക റിപ്പോർട്ട്**

പള്ളി, മഠം, ആശ്രമം, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് രൂപതക്കച്ചേരിയിൽ ഇനിയും എത്തിച്ചിട്ടില്ലാത്തവർ എത്രയും വേഗം അത് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Syncellus*

### C. *25/2020* **Mass Wine**

വീഞ്ഞ് വാങ്ങുവാൻ വരുമ്പോൾ **'കാലിക്കുപ്പികൾ' നിർബന്ധമായും തിരികെ നൽകേണ്ടതാണ്.**

### C. *26/2020* **Monthly Recollection for Priests**

ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് ഈ ഭൂമിയിൽ വച്ച് തന്നെ ലഭിക്കുന്നതാണ് പീഡനങ്ങൾ (മർക്കോസ് 10:30). ആരംഭം മുതലേ പീഡനങ്ങൾ സഭയുടെ പങ്കാളിയാണ്. എവിടെയൊക്കെ സഭ പടർന്നു പന്തലിച്ചിട്ടുണ്ടോ അവിടെയെല്ലാം പീഡനങ്ങളുടെ അകമ്പടിയോടെയാണ് സഭ വളർന്നത്. ഇന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യാനി പീഡിപ്പിക്കപ്പെടുന്നു, വധിക്കപ്പെടുന്നു. കേരളത്തിൽ ക്രൈസ്തവവിശ്വാസം നയിക്കുന്നതിന്റെ പേരിൽ ശാരീരികമായി





ആരും പീഡിപ്പിക്കപ്പെടുന്നില്ല എന്നുള്ളത് വസ്തുതയാണ്. എങ്കിൽ പോലും ക്രൈസ്തവൻ ഒറ്റതിരിഞ്ഞു എല്ലാ രീതിയിലും ആക്രമിക്കപ്പെടുന്നു. സിനിമ, കല, രാഷ്ട്രീയം എന്നീ മേഖലകളിലൂടെ സഭാവിരുദ്ധ ചിന്താധാരകൾ ശക്തമായി പ്രചരിപ്പിക്കപ്പെടുന്നുണ്ട്.

ഉദാ : 1. 2016-ൽ മലയാള മനോരമ ഭാഷാപോഷിണി പുറത്തിറക്കിയ അന്ത്യഅത്താഴ ചിത്ര വിവാദം 2. അടുത്തിടെ പുറത്തിറങ്ങുന്ന 'ആന്റപ്പന്റെ അത്ഭുതപ്രവൃത്തികൾ' എന്ന സിനിമയുടെ മദ്യപാനികളുടെ ചിത്രങ്ങളോടെ അന്ത്യഅത്താഴം ചിത്രീകരിക്കുന്ന പോസ്റ്റർ 3. ട്രാൻസ് എന്ന മലയാള സിനിമയിൽ പ്രത്യക്ഷവും പരോക്ഷവുമായി ക്രൈസ്തവരെ ബോധപൂർവ്വം അവഹേളിക്കുന്ന ശൈലി.

- ❖ കല, സംസ്കാരം, രാഷ്ട്രീയം എന്നീ നിലകളിൽ ഇതിനെ കണ്ടാൽ മതി എന്ന രീതിയിൽ നിസ്സംഗമായ നിലപാടെടുത്താൽ മതിയോ?
- ❖ ക്രൈസ്തവൻ പ്രതികരിക്കേണ്ടത് തിന്മ കൊണ്ടല്ല സ്നേഹം കൊണ്ടാണ് എന്ന ക്രൈസ്തവ മനോഭാവം മറ്റുള്ളവർ ചൂഷണം ചെയ്യുന്നില്ലേ?
- ❖ ഇത്തരം കാര്യത്തിൽ ഒരു ബദൽ മാധ്യമ സംസ്കാരം രൂപീകരിക്കുന്നതിനും അത് ആധുനിക ക്രൈസ്തവ യുവത്വത്തിനും ലോകത്തിനും പരിചയപ്പെടുത്തി കൊടുക്കുന്നതിലും നാം എത്രമാത്രം വിജയിക്കുന്നുണ്ട്?

### Pr.C. *2/2020* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on **Wednesday, 2020 April 15, from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2020 April 7.

*Secretary*

### *PC. 1/2020* **Meeting of the Pastoral Council**

An ordinary meeting of the Pastoral Council will be held on **Saturday, 2020 April 18, from 10.00 am to 1.00 pm** at NESTT, Muvattupuzha. The members are cordially invited.

Topics to be included in the Agenda may be sent to the secretary before 2020 April 7.

*Secretary*

*JS.2/2020* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2020-2021 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.**

2020 മെയ് 9-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2020 ഏപ്രിൽ 30-ാം തീയതിയ്ക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Chancellor*





## ആത്മീയ ശക്തീകരണ വർഷം

**(ഏപ്രിൽ മാസത്തിലെ കുടുംബക്കൂട്ടായ്മയ്ക്കുള്ള ചിന്താവിഷയം)**

1. **വി. കുർബാന:** ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രബിന്ദുവും മിശിഹായിൽ പൂർത്തീകരിക്കപ്പെടുന്ന രക്ഷാകരരഹസ്യങ്ങളുടെ പുനരവതരണവുമാണ് വിശുദ്ധ കുർബാന. 'എന്റെ ഓർമ്മക്കായി ചെയ്യുവിൻ'(ലൂക്കാ 22,19) എന്ന് ശിഷ്യന്മാരോട് കല്പിച്ചുകൊണ്ടാണ് സെഹിയോൻ ഊട്ടുശാലയിൽ വച്ച് ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു: 'ക്രിസ്തീയ ജീവിതത്തിന്റെ മുഴുവൻ ഉറവിടവും പാരമ്യവുമാണ് വിശുദ്ധ കുർബാന'(LG.11); 'ഒരു ഉറവയിൽ നിന്നെന്നപോലെ വിശുദ്ധ കുർബാനയിൽ നിന്നു പ്രസാദവരം നമ്മിലേക്ക് പ്രവഹിക്കുന്നു'(SC10); 'സഭയുടെ ആദ്ധ്യാത്മിക സമ്പത്തു മുഴുവൻ വിശുദ്ധ കുർബാനയിൽ അടങ്ങിയിരിക്കുന്നു'(PO 5). കാലസമ്പൂർണ്ണതയിൽ സർവ്വമനുഷ്യർക്കുമായി മിശിഹാ സ്ഥാപിക്കുകയും കാൽവരിയിൽ യാഗമായി അർപ്പിക്കുകയും ചെയ്ത ബലിയാണ് കുർബാനയർപ്പണത്തിൽ കൗദാശികമായി നമുക്ക് സന്നിഹിതമാകുന്നതും പാപമോചനത്തിനും യുഗോന്മുഖ മഹത്വീകരണത്തിനും അച്ചാരമായി ഭവിക്കുന്നതും.

Ecclesia de Eucharistia എന്ന ചാക്രികലേഖനത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നു: "പരിശുദ്ധ കുർബാന മാനവകുലത്തിന് മുഴുവൻ വിസ്മയം ജനിപ്പിക്കുന്ന ഒന്നാണ്." ഇപ്രകാരം ദൈവമനുഷ്യബന്ധത്തിന്റെ മഹത്തായ രഹസ്യം നാം ആഘോഷിച്ചനുഭവിക്കുന്ന ആത്മീയ മഹോൽസവമാണ് വിശുദ്ധ കുർബാന.

**വിശുദ്ധ കുർബാനയുടെ സ്ഥാപനവിവരണം പുതിയ നിയമത്തിൽ:**

വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെക്കുറിച്ചു നാലു വിവരണങ്ങളാണ് പുതിയ നിയമം അവതരിപ്പിക്കുന്നത്: മത്താ.26:26-29; മർക്കോ.14: 22-25; ലൂക്കാ 22:14-20; 1 കോറി. 11: 23-25. ഈ നാലു വിവരണങ്ങളിലും ഈശോ ശിഷ്യന്മാരോടൊത്തു ഭക്ഷണത്തിനിരിക്കുമ്പോഴാണ് വിശുദ്ധ കുർബാന സ്ഥാപിക്കുന്നത്. വിശുദ്ധ കുർബാന സ്ഥാപനവുമായി ബന്ധപ്പെട്ട വിവരണങ്ങളിൽ യുഗാന്ത്യത്തിലുള്ള പ്രതീക്ഷ പ്രകടിപ്പിക്കുന്നുണ്ട്. സമവീക്ഷണ സുവിശേഷങ്ങളിൽ ദൈവരാജ്യത്തിന്റെ പൂർത്തികരണമായും പൗലോസ് ശ്ലീഹ ഈശോയുടെ രണ്ടാ

മത്തെ ആഗമനവുമായി ബന്ധപ്പെടുത്തിയും ആണ് യുഗാന്ത്യ പ്രതീക്ഷ അവതരിപ്പിച്ചിരിക്കുന്നത്. അപ്പസ്തോലന്മാരുടെ ഓർമ്മയിൽ നിന്നും പങ്കുവച്ചതിനാൽ പുതിയ നിയമത്തിലെ നാലു വിവരണങ്ങളിലും വിശദാംശങ്ങളിൽ വൈവിധ്യമുണ്ട്. ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ നാലു വിവരണങ്ങൾ രണ്ടു സഭാ പാരമ്പര്യത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പൗലോസ് ശ്ലീഹായുടെയും ലുക്കായുടെയും വിവരണങ്ങൾ അന്ത്യോക്യൻ സഭാപാരമ്പര്യവും മത്തായിയുടെയും മർക്കോസിന്റെയും വിവരണങ്ങൾ ജറുസലേമിലെ സഭാ പാരമ്പര്യവും അടിസ്ഥാനമാക്കിയുള്ളതാണ്. ചുരുക്കത്തിൽ കുരിശിലെ തന്റെ ബലി പുനരാഗമനംവരെ അവിരാമം തുടർന്നു കൊണ്ടുപോകാൻ വേണ്ടിയാണ് ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചത്. വിശുദ്ധ കുർബാന വഴിയായി സഭയെ തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മരണ ഭരമേല്പിച്ചു. വിശുദ്ധ കുർബാന സഭയെ രൂപപ്പെടുത്തുകയും കൂട്ടായ്മയിൽ പണിതുയർത്തുകയും ചെയ്യുന്നു.

**അന്ത്യ അത്താഴവേളയിലൂടെ കരഗതമായ പൗരോഹിത്യം**

കുർബാന മിശിഹായുടെ പെസഹായുടെ അനുസ്മരണമാണ്. അവിടുത്തെ അനന്യമായ ബലിയുടെ സന്നിഹിതമാക്കലും അവിടുത്തെ ശരീരമായ സഭയുടെ ആരാധനയിൽ നടക്കുന്ന കൗദാശിക സമർപ്പണവും പരകോടിയിൽ എത്തുന്നത് അവിടുന്നു അന്ത്യ അത്താഴവേളയിൽ സ്ഥാപിച്ച പൗരോഹിത്യമെന്ന കൂദാശയിലൂടെയാണ്. ട്രെന്റ് കൗൺസിൽ പഠിപ്പിക്കുന്നു: "നമ്മുടെ കർത്താവും ദൈവവുമായ മിശിഹാ നിത്യമായ വീണ്ടെടുപ്പു സാധ്യമാക്കുവാൻ വേണ്ടി പിതാവായ ദൈവത്തിനുവേണ്ടി എന്നന്നേക്കുമായി തന്നെത്തന്നെ അർപ്പിച്ചു. എന്നാൽ അവിടുത്തെ പൗരോഹിത്യം മരണത്തോടെ അവസാനിക്കാനുള്ളതല്ലാതിരുന്നതിനാൽ അന്ത്യഅത്താഴ സമയത്തു ദൃശ്യമായ ബലി സ്ഥാപിച്ചു." ചുരുക്കത്തിൽ നിത്യമായ വചനം മാംസം ധരിച്ച ദൈവപുത്രന്റെ സാഫല്യമാണ് പൗരോഹിത്യം. പുരോഹിതനായ ഈശോമിശിഹാ പെസഹാരാത്രിയിൽ ആദ്യത്തെ സമർപ്പകനായി തന്നെത്തന്നെ ബലി വസ്തുവാക്കി. ഈ ദൃശ്യാവിഷ്കരണം പുരോഹിതന്റെ കൈകളാൽ അദൃശ്യനായ ക്രിസ്തുവിന്റെ നീട്ടിയ കരങ്ങളിലൂടെ അർപ്പിക്കപ്പെടുന്ന കുർബാനയായി മാറുന്നു.

**2. പെസഹാ വ്യാഴം:** പെസഹാ വ്യാഴാഴ്ച ആചരണത്തിന് യഹൂദരുടെ ആരാധനക്രമത്തോളം പഴക്കമുണ്ട്. പഴയനിയമജനത ദൈവ





ത്തിന്റെ രക്ഷാകരമായ കടന്നുപോകലിനെ അനുസ്മരിക്കുന്നുവെങ്കിൽ പുതിയ നിയമ സമൂഹം വിശുദ്ധ കുർബാനയുടെ സ്ഥാപനദിനത്തിൽ പൗരോഹിത്യ ശുശ്രൂഷയെക്കുറിച്ചുള്ള യേശു സങ്കല്പങ്ങളെയും വരച്ചുകാണിക്കുകയും ചെയ്യുന്നു.

**1.** യഹൂദരുടെ പെസഹാ ആചരണത്തിന്റെ പ്രത്യേകതകൾ:

1) യഹൂദരുടെ പെസഹാ ആചരണം അവരുടെ ആരാധനാക്രമത്തിന്റെ ഭാഗമായിരുന്നു (Liturgical Feast) (നിയമാവർത്തനം 16:23).
2) യഹൂദരുടെ പെസഹാ ആചരണം ഒരു സാംസ്കാരിക വിരുന്നായിരുന്നു (Cultic Banquet).
3) ഒരു സമുദായത്തിലെ തെരഞ്ഞെടുക്കപ്പെട്ടവർ മാത്രമായിരുന്നു ഇതിൽ പങ്കെടുത്തിരുന്നവർ (Communal character by chosen people) (പുറപ്പാട്12:47).
4) ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ അവർ അനുസ്മരിക്കുന്നു. (Commemoration of the past).
5) ഭാവിയിലും ദൈവത്തിന്റെ സംരക്ഷണം ഉണ്ടാകുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. (Looking to the future (Eucharistic dimension)).

**2.** പുതിയ നിയമത്തിലെ പെസഹാ ആചരണം പെസഹാഭക്ഷണമാണെന്നതിന്റെ തെളിവുകൾ താഴെ ചേർക്കുന്നു:

1) സമാന്തര സുവിശേഷങ്ങൾ അന്ത്യഅത്താഴത്തെ പെസഹാ വിരുന്നായി കാണുന്നു. (മത്താ. 26: 2, 17, 18, 19; മർക്കോ. 14: 1, 12, 14, 16; ലൂക്കാ 22: 1, 7, 8,13,15)
2) ഇത് നിയമാനുസൃതമായി നടന്ന ഒരു കാര്യമാണ്. (നിയമാവർത്തനം 16:7)
3) സെഹിയോൻ ശാലയിലെ മുകളിലത്തെ നിലയാണ് ഉപയോഗിച്ചത്.
4) അന്ത്യഅത്താഴം രാത്രിയാണ് നടത്തിയത്. (മത്താ. 26:20, മർക്കോ. 14:17, യോഹ. 13:30)
5) ഈശോ ഈ വിരുന്നിനെ 12 പേരിലേക്ക് ചുരുക്കി.
6) അശുദ്ധരാകാതെ കഴിക്കുന്നതായിരുന്നു പെസഹാ. (യോഹ. 13:10)
7) ഈശോ അപ്പം മുറിച്ചുകൊടുത്തു എന്ന് പറയുന്നത് പരമ്പരാഗത ശൈലിയെ സൂചിപ്പിക്കുന്നു. (മത്താ. 26: 26, മർക്കോ. 14:22)
8) സ്തോത്രഗീതം ആലപിച്ച് പെസഹാവിരുന്ന് അവസാനിപ്പിക്കുന്നു.
9) യൂദാസ് അത്താഴത്തിനുശേഷം പുറത്തേക്ക് പോയത് പാവങ്ങൾക്ക് കൊടുക്കാനാണെന്ന് മറ്റു ശിഷ്യന്മാർ വിചാരിച്ചു. (യോഹ. 13:29)

യഹൂദരുടെ പെസഹാഭക്ഷണവുമായി ബന്ധപ്പെട്ടാണ് യേശു അന്ത്യഅത്താഴത്തിലൂടെ വി. കുർബാനയുടെ രഹസ്യങ്ങൾ പഠിപ്പിച്ചത്. ഈ വിരുന്നിന്റെ നടപടിക്രമങ്ങളെക്കുറിച്ച് നാം മനസ്സിലാക്കുന്നത് വിശുദ്ധ കുർബാനയുടെ അർത്ഥം ഗ്രഹിക്കാൻ നമ്മെ സഹായിക്കും.

# മൈനർ സെമിനാരി

*MS. 8/2020* **ദൈവവിളി ക്യാമ്പ്**

രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്കായി ദൈവവിളി ക്യാമ്പ് നടത്തുന്നു. 2020 മാർച്ച് 28-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് മാർച്ച് 30-ാം തീയതി തിങ്കളാഴ്ച ഉച്ചയോടെ ക്യാമ്പ് അവസാനിക്കും. SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരിവിദ്യാഭ്യാസയോഗ്യതയുള്ളവരുമായ അനുയോജ്യരായ കുട്ടികളെ ആണ് ഈ ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്. മാർച്ച് 30-നാണ് ഇന്റർവ്യൂ. അനുയോജ്യരായ കുട്ടികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ചു കത്തുനൽകി പറഞ്ഞയയ്ക്കുമല്ലോ. ദൈവവിളി പ്രോത്സാഹനത്തിന് നല്കുന്ന സഹകരണത്തിന് ബഹു. അച്ചന്മാർക്ക് സ്നേഹപൂർവം നന്ദി.

NB: ക്യാമ്പിൽ പങ്കെടുക്കുന്നവർ നോട്ട്ബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

*MS. 9/2020* **അവധിക്കാല ധ്യാനം**

